# സ്രാമ്പിക്കൽ ശ്രീ ഭഗവതി ക്ഷേത്രം

## പേരകം – ഗുരുവായൂർ



# ഉത്രട്ടാതി മഹോത്സവം

**2021 മാർച്ച് 14**
1196 കുംഭം 30
ഞായറാഴ്ച

**ക്ഷേത്രത്തിലെ ഉത്രട്ടാതി മഹോത്സവം 2021 മാർച്ച് 13, 14 (1196 കുംഭം 29,30) തിയ്യതികളിൽ ആചാരാനുഷ്ഠാന പ്രകാരം നടത്തുന്നു. മാർച്ച് 14 (കുംഭം 30) ഞായറാഴ്ച അഭീഷ്ടവരദായിനിയായ ശ്രീ ഭഗവതിയുടെ ആണ്ടപിറന്നാളിലെ കലശാഭിഷേകങ്ങളും താന്ത്രിക പൂജകളും ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ വടക്കേടത്ത് താമരപ്പിള്ളി ജാതവേദൻ നമ്പൂതിരിപ്പാടിന്റെയും മേൽശാന്തി ചന്ദ്രബോസ് ശാന്തിയുടെയും മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്നു. ക്ഷേത്രത്തിൽ നടന്ന അഷ്ടമംഗലപ്രശ്ന വിധിപ്രകാരം നിർദ്ദേശിച്ച കർമ്മങ്ങൾ ക്ഷേത്രം തന്ത്രിയുടെ കാർമ്മികത്വത്തിൽ മാർച്ച് 13 (കുംഭം 29) ശനിയാഴ്ച നടത്തുന്നു.**

## കാര്യപരിപാടികൾ

**2021 മാർച്ച് 13 (1196 കുംഭം 29) ശനിയാഴ്ച**

താന്ത്രിക വിധിപ്രകാരമുള്ള കർമ്മങ്ങൾ പുലർച്ചെ ആരംഭിക്കുന്നു.
മഹാഗണപതിഹോമം, മൃത്യുഞ്ജയഹോമം, ത്രികാലപൂജ, ഭഗവതിസേവ, വിശേഷാൽ പൂജ

**2021 മാർച്ച് 14 (1196 കുംഭം 30) ഞായറാഴ്ച ഉത്രട്ടാതി മഹോത്സവം**

| | |
|---|---|
| പുലർച്ചെ 3.00 മണിക്ക് : | നിർമ്മാല്യം, എണ്ണ അഭിഷേകം, വാകചാർത്ത്, മഹാഗണപതി ഹോമം, കേളി, കലശപൂജ, നവകം, പഞ്ചഗവ്യം തുടങ്ങിയ കലശാഭിഷേകങ്ങൾ, വിഷ്ണുമായക്ക് വിശേഷാൽ അഭിഷേകങ്ങൾ, ഉഷപൂജ, അഷ്ടപദി, താന്ത്രിക പൂജ |
| രാവിലെ 9.00 മണിക്ക് : | നാണയപ്പറ സമർപ്പണം<br>ഉച്ചപൂജ |
| ഉച്ചയ്ക്ക് 1.00 മണിക്ക് : | **അനീഷ് നമ്പീശൻ ഗുരുവായൂർ നയിക്കുന്ന** വാദ്യമേളങ്ങളോടെയുള്ള എഴുന്നെള്ളിപ്പ് |
| വൈകിട്ട് 4.00 മണിക്ക് : | പന്തൽപറ |
| വൈകിട്ട് 6.00 മണിക്ക് : | ദീപാരാധന<br>തായമ്പക |
| രാത്രി 9.00 മണിക്ക് : | അത്താഴപൂജ |
| പുലർച്ചെ 3.00 മണിക്ക് : | വാദ്യമേളങ്ങളോടെ എഴുന്നെള്ളിപ്പ് |
| പുലർച്ചെ 5.30 ന് : | നട അടയ്ക്കൽ |

"ശ്രീ വൈകുണ്ഠനിഭേ സ്വാകാരേ
ശ്രീ ഗുരുപവനേശ്വര സന്നിധൗ
അഷ്ടാധികശത ശിവക്ഷേത്രേഷു പ്രമുഖേ
പേരകം ഭൂസമവിഹിതേ
ശ്രീ പരാശക്തി സ്വരൂപേ
ഭക്താൻ അനുഗ്രഹീതും നിഷീദന്ത്യൈ
സ്രാമ്പിക്കൽ ശ്രീ ഭഗവത്യൈ നമോസ്തുതേ "

ഭക്തിനിർഭരമായ ഉത്സവാചാരനുഷ്ഠാന ചടങ്ങുകളിൽ സാന്നിദ്ധ്യം വഹിച്ച് ആശ്രിതവത്സലയായ സ്രാമ്പിക്കൽ ശ്രീ ഭഗവതിയുടേയും ഉപദേവതകളുടേയും അനുഗ്രഹം ഏറ്റുവാങ്ങാൻ ഏവരേയും ദേവിനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

**ക്ഷേത്രകമ്മറ്റി, പേരകം**
ഫോൺ : **9895885500**

ഉത്സവദിവസം ഹനുമാൻ സ്വാമിക്ക് പൂവൻകുല സമർപ്പിക്കാൻ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്.
ഫോൺ : 9526344292

NB : ഉത്സവത്തിൽ പങ്കെടുക്കുന്ന ഏവരും ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന കോവിഡ് പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.